**കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിലെ കോൺഫറൻസ് ഹാളിൽ വച്ച് 20/06/2016 ന് സംഘടിപ്പിച്ച അട്ടപ്പാടി പ്രത്യേക പദ്ധതി കമ്മ്യൂണിറ്റിതല പഠന റിപ്പോർട്ട് ക്രോഡീകരണ ശിൽപശാലയുടെ നടപടികുറിപ്പ്;**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെയും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (സോഷ്യൽ ഡെവലപ്പ്മെന്റ്) & അസി. പ്രോജക്ട് ഓഫീസർ (ഇൻചാർജ്ജ്) ടെയും നേതൃത്വത്തിൽ നടന്ന ശിൽപ്പശാലയിൽ സംസ്ഥാനമിഷൻ പ്രോഗ്രാം മാനേജർ (ട്രൈബൽ), പ്രോഗ്രാം സപ്പോർട്ട് എക്സിക്യൂട്ടീവ് (ട്രൈബൽ), സെക്ഷൻ ഒ.എസ്.എസ്., അട്ടപ്പാടി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അംഗങ്ങൾ, കമ്മ്യൂണിറ്റിതല പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ, അട്ടപ്പാടി ആനിമേറ്റർമാർ (5 പേർ), 2 പാരാ പ്രൊഫഷണലുകൾ എന്നിവർ പങ്കെടുത്തു.

ശിൽപ്പശാലയിൽ കമ്മ്യൂണിറ്റിതല പഠന പ്രവർത്തനങ്ങളിൽ നാല് മേഖലകളിൽ പഠനം നടത്തിയവർ തങ്ങളുടെ പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ആയതിന്മേൽ ചർച്ച നടത്തുകയും ചെയ്തു. ചർച്ചയിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. അട്ടപ്പാടി മേഖലയിലെ അംഗനവാടികളുടെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് 2016 ജൂൺ 30 നകം സമർപ്പിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിനെ ചുമതലപ്പെടുത്തി (അംഗൻവാടികളുടെ എണ്ണം, അംഗൻവാടി തിരിച്ചുള്ള കുട്ടികളുടെ എണ്ണം - പേര് വിവരം ഉൾപ്പടെ, ഓരോ അംഗൻവാടി പ്രദേശത്തുമുള്ള 1 വയസ്സിനും 5 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം, അംഗൻവാടി പോകുന്ന കുട്ടികളുടെ എണ്ണം, പോകാത്തവരുടെ എണ്ണം, ആയമാരുടെയും ടീച്ചർമാരുടെയും വിവരങ്ങൾ, ഭക്ഷണം നൽകുന്നുണ്ടോ, കുട്ടികളുടെ തൂക്കം കൃത്യമായി പരിശോധിക്കുന്നുണ്ടോ തുടങ്ങിയവ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം- വിവര ശേഖരണ ഫോറം അനുബന്ധമായി ചെർക്കുന്നു)

2. അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട (Situation Analysis) ആളുകളുടെ വിവരങ്ങൾ,

ഊരുകൾ എന്നിവ തിരിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിച്ചു. (ചുമതല പി.എം.യു. അട്ടപ്പാടി, ജൂൺ 30 2016 ന് മുമ്പ്)

3. സ്കൂളിൽ പോകാത്ത കുട്ടികളുടെ എണ്ണം. പോകാതിരിക്കാനുള്ള കാരണം, സ്കൂളിൽ ഉച്ചഭക്ഷണം നൽകുന്നുണ്ടോ, ജനന സർട്ടിഫിക്കറ്റ് ലഭിക്കാത്ത എത്ര കുട്ടികളുണ്ട്? (ലിസ്റ്റ് സഹിതം), തമിഴ്നാട്ടിൽ ജനിക്കുകയും കേരളത്തിൽ വളരുകയും ചെയ്യുന്ന കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തടസ്സം (ലിസ്റ്റ് സഹിതം) ഇവ കുടുംബശ്രീ സംസ്ഥാനമിഷന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. (ചുമതല പി.എം.യു. അട്ടപ്പാടി)

4. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ വിവരം, ഭവനരഹിതരുടെ വിവരങ്ങൾ, കുടിവെള്ള ലഭ്യത എന്നിവ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചു. (ചുമതല പി.എം.യു. അട്ടപ്പാടി)

5. അട്ടപ്പാടി പദ്ധതി പ്രവർത്തനങ്ങളുടെ മാസവലോകന റിപ്പോർട്ടുകൾ തൊട്ടടുത്ത മാസം 3-ാം തീയതിയ്ക്ക് മുമ്പായി സംസ്ഥാനമിഷനിൽ സമർപ്പിക്കുന്നതിന് ചുമതല പി.എം.യു. അട്ടപ്പാടിയിലെ നിഷാദ് പ്രോജക്ട് കോർഡിനേറ്റർ ഐബിസിബി യെ ചുമതലപ്പെടുത്തി. റിപ്പോർട്ട് സമർപ്പിക്കേണ്ട ഫോർമാറ്റ് തയ്യാറാക്കി പി.എം.യു. ന് അയയ്ക്കുന്നതിന് സംസ്ഥാനമിഷനിലെ എസ്.റ്റി. കൺസൾട്ടന്റ് കുമാരി ശാരികയെ ചുമതലപ്പെടുത്തി.

6. 10 ൽ താഴെ അംഗങ്ങളുള്ള അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് പി.എം.യു. അട്ടപ്പാടിയെ ചുമതലപ്പെടുത്തി.

7. ഒരു കുടുംബത്തിലെ തന്നെ അംഗങ്ങൾ വിവിധ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകുകയും ഓരോരുത്തർക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രത്യേകം പ്രത്യേകം ലഭ്യമാകുകയും ചെയ്യുന്ന അവസ്ഥയുണ്ടോ എന്ന് പരിശോധിക്കുന്നതിന് തീരുമാനിച്ചു. (പി.എം.യു. അട്ടപ്പാടിയെ ചുമതലപ്പെടുത്തി).

8. അട്ടപ്പാടി പ്രവർത്തനങ്ങൾക്കായി ഇതിനകം തെരഞ്ഞെടുത്ത 40 അംഗ പരിശീലന ഗ്രൂപ്പിനെ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാനമിഷന്

റിപ്പോർട്ടായി സമർപ്പിക്കുന്നതിന് പി.എം.യു. അട്ടപ്പാടിയെ ചുമതലപ്പെടുത്തി. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനങ്ങൾ നൽകുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി.

9. അട്ടപ്പാടി പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച അയൽക്കൂട്ടങ്ങളുടെയും ഊരുസമിതികളുടെയും പഞ്ചായത്ത് സമിതികളുടെയും പ്രവർത്തനങ്ങളിൽ ഊരുമൂപ്പൻമാരുടെ പ്രാതിനിധ്യം കൂടി ഉറപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു. പ്രസ്തുത പരിപാടികളിൽ പങ്കെടുക്കുന്ന ഊരുമൂപ്പൻമാർക്ക് അനുവദനീയമായ യാത്രബത്ത അനുവദിക്കുന്നതിനും നിർദ്ദേശം നൽകി.

10. അയൽക്കൂട്ടം, ഊരുസമിതി, പഞ്ചായത്ത് സമിതി, ബ്ലോക്ക് സമിതി എന്നിവയ്ക്ക് അട്ടപ്പാടി പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിച്ച വിവിധ ഗ്രാന്റ്/ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് പി.എം.യു അട്ടപ്പാടിയെ ചുമതലപ്പെടുത്തി.

11. അട്ടപ്പാടി പദ്ധതി പ്രവർത്തനങ്ങളുടെ ഓഡിറ്റിംഗ് ബ്ലോക്ക്/പഞ്ചായത്ത്/ഊര്/അയൽക്കൂട്ട തലത്തിൽ നടത്തുന്നതിന് കുടുംബശ്രീയുടെ കാസ്സ് ഗ്രൂപ്പു പോലെ അട്ടപ്പാടി മേഖലയിൽ നിന്നുള്ള ബികോം ബിരുദധാരികളായ കുട്ടികളെ കണ്ടെത്തി പുതിയ ടീം രൂപീകരിക്കുന്നതിനും [illegible] വിവരം നാഷണൽ മിഷൻ മാനേജ്മെന്റ് യുണിറ്റിന് സമർപ്പിച്ച് അനുമതി വാങ്ങുന്നതിനും തീരുമാനിച്ചു. ബികോം ബിരുദധാരികളായ വനിതകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എം.യു. അട്ടപ്പാടിയെ ചുമതലപ്പെടുത്തി.

12. എം.കെ.എസ്.പി.പദ്ധതിയിൽ തുടർന്നുള്ള ഉപജീവന കാർഷിക പ്രവർത്തനങ്ങൾക്കുള്ള വിത്ത് ഊരുകളിൽ നിന്നു തന്നെ കണ്ടെത്തണം.

13. യുത്ത് ക്ലബ്ബുകൾ വഴി ആരോഗ്യം, വിദ്യാഭ്യാസം, കായികം എന്നീ മേഖലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചു. (ചുമതല സന്ദീപ്, വൈപി അട്ടപ്പാടി)

14. അട്ടപ്പാടി തനത് ആടിനമായ 'അട്ടപ്പാടി ബ്ലാക്' ഇനത്തിന്റെ ജനുസ് സംരംക്ഷണവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. (ചുമതല കരുണാകരൻ. കൺസൾട്ടന്റ്. എംകെഎസ്പി അട്ടപ്പാടി)

15. അട്ടപ്പാടി പദ്ധതിയ്ക്കായി അനുവദിയ്ക്കുന്ന ഫണ്ടുകളുടെ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ആയതിന്റെ വിനിയോഗം അനുബന്ധ രേഖകൾ സഹിതം രേഖപ്പെടുത്തി സൂക്ഷിക്കുകയും (ടാലിയിൽ എൻട്രി രേഖപ്പെടുത്തി) യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

16. സംസ്ഥാനമിഷനിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിന് അട്ടപ്പാടി പിഎംയുവിന് പ്രത്യേക നിർദ്ദേശം നൽകി.

*കമ്മ്യൂണിറ്റിതല പഠന റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു. ടി പഠനം സംഘടിപ്പിക്കുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുന്ന അവതരണവും ഉള്ളടക്കം ചെയ്യുന്നു.*

22/6/16

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ &
അസി. പ്രോജക്ട് ഓഫീസർ

23/6/16

ംഗ

ിഷന്

## I .സാമൂഹ്യ വികസനം

### 1.കമ്മ്യുണിറ്റി കിച്ചൻ

**നിർദ്ദേശങ്ങൾ**

1. കമ്മ്യുണിറ്റി കിച്ചൻ പദ്ധതി – നിലവിൽ അവസ്ഥാ പഠനം അത്യാവശ്യമാണ്.
2. എല്ലാ ഊരുകളും കേന്ദ്രീകരിച്ച് ടി പദ്ധതിയുടെ നടത്തിപ്പ് ആവശ്യമാണെന്ന് കാണുന്നില്ല.
3. യഥാർത്ഥ ഗുണഭോക്താക്കളെ കത്തുവാൻ ഊരുകൾ കേന്ദ്രീകരിച്ച് വിദഗ്ദ്ധ പഠനം ആവശ്യമാണ്.
4. അയൽക്കൂട്ടങ്ങൾക്ക് പദ്ധതി നടത്തിപ്പിൽ വിമുഖതയു്.
5. ടി പ്രവർത്തനങ്ങൾ കുറച്ചാളുകളുടെ മാത്രം ഉത്തരവാദിത്വമായി ചുരുങ്ങുന്നു.
6. ചില ഊരുകളിൽ പദ്ധതി നടത്തിപ്പ് പേരിന് മാത്രമായി നടത്തപ്പെടുന്നു.

### 2. ബ്ലോക്ക് റിസോഴ്സ് സെന്റർ

**നിർദ്ദേശങ്ങൾ**

1. മുമ്പ് കുടുംബശ്രീ ബാലസഭകൾ ഇവിടെ പ്രവർത്തിച്ചിരുന്നു. ഈ ബാലസഭകളെ ബാലഗോത്രസഭകളായി പുനഃനാമകരണം ചെയ്ത് പ്രവർത്തിക്കുന്നു.
2. ബാലസഭ എന്ന പേരിൽ തുടരുന്നത് നന്നായിരിക്കും
3. കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വ്യക്തിത്വ വികസനം. സ്കിൽ, നേതൃത്വപാടവം തുടങ്ങിയ പരിപാടികൾക്ക് മുൻതൂക്കം നൽകുന്നു.
4. ആർ.പി. സിസ്റ്റം – ഊര് സമിതി, പഞ്ചായത്ത് സമിതി, ബ്ലോക്ക് സമിതി തലത്തിൽ വികസിപ്പിച്ചെടുക്കുന്നത് പദ്ധതിയുടെ പ്രവർത്തനത്തെ സഹായിക്കും.
5. പത്താം ക്ലാസിൽ പഠിച്ചിരുന്ന 250 വിദ്യാർത്ഥികൾക്കായി മുന്നേറ്റം ക്യാമ്പ് നടത്തിയിട്ടു്.

6. കുട്ടികളുടെ നാടകം-കമ്മ്യൂണിറ്റി തീയേറ്റർ സംഘടിപ്പിക്കുക

**3. ജെൻഡർ റിസോഴ്സ് സെന്റർ (ജി.ആർ.സി.)**

**നിർദ്ദേശങ്ങൾ**

**പ്രവർത്തനം ആരംഭഘട്ടത്തില്ലാണ്**

1. ആനക്കട്ടി മദ്യനിരോധന സമരപരിപാടിയിൽ (തായ്ക്കുലർ സംഘവുമായി ചേർന്ന്) പ്രവർത്തനം ഈ പരിപാടിയുടെ വിജയമായി വിലയിരുത്താവുന്നതാണ്.
2. പദ്ധതി പ്രദേശത്തും പ്രത്യേകിച്ച് സ്ത്രീകൾക്കിടയിലും ഈ കൂട്ടായ്മ ചർച്ച വിഷയമായിട്ടു്.
3. അയൽക്കൂട്ടങ്ങൾക്കിടയിൽ ആത്മവിശ്വാസവും കൂട്ടായ്മയും വർദ്ധിച്ചിട്ടു്
4. ധനവിനിയോഗം - ജി.ആർ.സി. മുഖേന 20,000 രൂപ ഈ പ്രവർത്തനത്തിനായി ചിലവഴിച്ചതായി കാണുന്നു. കൂടാതെ അയൽക്കൂട്ടങ്ങൾ സ്റ്റാർട്ട് - അപ് കോസ്റ്റിനായി ഫ് വിനിയോഗിച്ചതായി കാണുന്നു.
5. ജി.ആർ.സി. മറ്റ് പ്രവർത്തനങ്ങൾ നടത്തിയതായി കാണാൻ കഴിഞ്ഞില്ല.
6. കുടുംബശ്രീ ജെൻഡർ പ്രവർത്തനുവമായി ടി പദ്ധതിയെ ബന്ധപ്പെടുത്തേതാണ്.
7. ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രൊഫഷണലുകളുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

**4. യൂത്ത് റിസോഴ്സ് സെന്റർ - വൈ.ആർ.സി.**

**നിർദ്ദേശങ്ങൾ**

**യൂത്ത് ക്ലബ്ബുകളുടെ രൂപീകരണം പ്രാരംഭഘട്ടത്തിലാണ്**

1. ആനിമേറ്റർമാർക്കിടയിലും വൈ.ആർ.സി. സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടു്.
2. യുവാക്കളുടെയും യുവതികളുടെയും പങ്കാളിത്തം കുറവാണ്.
3. ഊരുകൾ കേന്ദ്രീകരിച്ച് ക്ലബ്ബുകളുടെ പ്രവർത്തനം നടക്കുന്നുങ്കെിലും ഇത് അത്രത്തോളം വിജയകരമല്ല.

4. പ്രദേശത്തെ യുവാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തി കൊള്ള പദ്ധതിരൂപീകരണം നടത്തുന്നത് ഉചിതമായിരിക്കും
5. വിദ്യാസമ്പന്നരും സേവന തല്പരരുമായ യുവാക്കളുടെ സേവനം ടി പദ്ധതിയ്ക്കായി ഉപയോഗിക്കുന്നത് പദ്ധതിയുടെ വിജയത്തെ സഹായിക്കും (കുടുംബശ്രീ–ആർപി. സിസ്റ്റം മാതൃക)

**5. ലീഗൽ എയ്ഡ് സെന്റർ (എൽ.എ.സി.)**

**നിർദ്ദേശങ്ങൾ**

- സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങൾ, ഏജൻസികൾ, മറ്റു വകുപ്പുകൾ എന്നിവ സൗഹൃദപരമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേതാണ്.

**6. ബ്രിഡ്ജ് സ്കൂൾ – ബ്രിഡ്ജ് കോഴ്സ്**

**നിർദ്ദേശങ്ങൾ**

**ഏറ്റവും നൂതനമായ ആശയം**

1. എല്ലാ ഊരുകളിൽ നിന്നും കുട്ടികൾക്ക് പഠന കേന്ദ്രങ്ങളിലേക്ക് എത്താനുള്ള ബുദ്ധിമുട്ട് മൂലം പലരും ഈ സേവനം വിനിയോഗിക്കുന്നില്ല.
2. വിദ്യാഭ്യാസ വിദഗ്ദ്ധരുമായി ചേർന്ന് കൃത്യമായ കരിക്കുലം തയ്യാറാക്കി നടപ്പിലാക്കേതാണ്.
3. വിദ്യാഭ്യാസ വകുപ്പിന്റെയും സാക്ഷരതാ മിഷന്റെയും സഹകരണം ഉറപ്പാക്കേതാണ്.

**7. ബ്രിഡ്ജ് കോഴ്സ്**

**നിർദ്ദേശങ്ങൾ**

1. ബാലസഭ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് സ്ഥിരം സംവിധാനമാക്കണം.
2. ബാലസഭയിലെ സമർത്ഥരായ മുതിർന്ന കുട്ടികളുടെ സേവനം ഉപയോഗപ്പെടുത്താം

8. **പി.എസ്.സി. പഠന ഗ്രൂപ്പുകൾ**

- വിദ്യാസമ്പന്നരായ യുവാക്കൾക്ക് പരിശീലനം നൽകുന്നു

## II മൈക്രോ ഫൈനാൻസ്

**നിർദ്ദേശങ്ങൾ**

1. പ്രവർത്തന ക്ഷമമായ എല്ലാ അയൽക്കൂട്ടത്തിനും കോർപ്പസ് ഫണ്ട് ലഭിച്ചിട്ടുണ്ട്
2. വരുമാനക്കുറവ് മൂലം പല അയൽക്കൂട്ടങ്ങളും സമ്പാദ്യ ശേഖരം കുറച്ചുകൊ ുവരുന്ന സാഹചര്യം ഉണ്ട്.
3. സംരംഭങ്ങൾ തുടങ്ങുന്നതിന് മുൻകൂർ സാമ്പത്തിക സഹായം അനുവദിക്കാത്തത് സംരംഭങ്ങൾ ആരംഭിക്കുവാൻ അയൽക്കൂട്ടങ്ങൾക്ക് പ്രയാസമുണ്ട്, വയലൂർ, പഴയൂർ, ഓന്തമല, ജെല്ലിപ്പാറ എന്നീ ഊരിൽ നിന്ന് അയൽക്കൂട്ടങ്ങൾ അറിയിച്ചു.
4. ഊരുകളിലെ അയൽക്കൂട്ടങ്ങൾ സജീവമാക്കുന്നതിന് ആനിമേറ്റർമാരുടെ സേവനം ലഭിക്കുന്നുഎന്നത് ഉറപ്പുവരുത്തുക
5. വയലൂർ, പഴയൂർ എന്നീ ഊരുകളിലെ സഹകരണ സംഘവും സ്വയംതൊഴിലായി കുട്ട, മുറം, പായ എന്നിവ നെയ്യുന്നതിന് കെട്ടിട സൗകര്യം ആവശ്യമാണ്
6. ദൈവകുണ്ടൂരിൽ കൂൺ കൃഷി ചെയ്യുന്നതിന് ആവശ്യപ്പെട്ടു.
7. കൃഷി ആവശ്യത്തിന് പി.എഫ്, വി.ആർ.എഫ്, സി.ഐ.എഫ് എന്നിവയിൽ നിന്നും വായ്പ കൊടുക്കാറു് ഇതു പരിശോധിക്കുക.

8. 8. അയൽക്കൂട്ടങ്ങൾ ആരംഭിച്ച സഹകരണ സംഘങ്ങൾ വഴി ശേഖരിച്ച ഉൽപ്പന്നങ്ങളുടെ കുടിശ്ശിക വേഗത്തിൽ ലഭ്യമാക്കുക ഇതുവഴി അയൽക്കൂട്ടങ്ങൾക്ക് കൂടുതൽ വരുമാനം കണ്ടെത്താനാകും.

9. വിആർഎഫ് ലഭിച്ച അയൽക്കൂട്ടങ്ങൾ
   - ചിക്കി
      - അക്ഷയ – 22,000/-
      - കീർത്തന – 33000/-
      - സ്നേഹിനിധി – 33000
      - ബാക്കി 1,200 രൂപ ഊര് സമിതിയിൽ

10. മരപ്പാലം, ഉരിയൻചാള വിആർഎഫ്
    - ഹരിത – 40,000
    - അമ്പ് – 30,000
    - മിഥ്യ – 30,000

- വയലൂർ വിആർഎഫ്
  - ശ്രുതിലയ – 33333
  - അശ്വതി – 11520
- ഓന്തമല വിആർഎഫ്
  - അമൃത – 30000/ഓന്തമല
  - അമൃത – 30000/മാവിൻകു്
  - വിസ്മയ – 60000
  - പൂജ – 10000

റിവോൾവിംഗ് ഫണ്ടും മാച്ചിംഗ് ഗ്രാന്റും ഒരു അയൽക്കൂട്ടത്തിനും ലഭ്യമായിട്ടില്ല.

## III. ഓർഗനൈസേഷൻ

**നിർദ്ദേശങ്ങൾ**

- അയൽക്കൂട്ട അംഗങ്ങൾ, ഊരുസമിതി, പഞ്ചായത്ത് സമിതി, ബ്ലോക്ക് സമിതി മുതലായവർക്ക് ക്രമമമായ ഇടവേളകളിൽ ആവശ്യമായ കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് നൽകണം

- ഓരോ തലത്തിലും ഫണ്ട് അനുവദിക്കുന്നതിന് മുമ്പ് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും, പരിശീലനങ്ങളും നൽകുക

- കണക്കെഴുത്തിലും, യോഗം ചേരുന്നതിന്റെയും ക്രമത്തെപ്പറ്റിയും, സൂക്ഷിക്കേണ്ട രേഖകൾ മുതലായവയെപ്പറ്റി പരിശീലനം നൽകുക

- പഞ്ചായത്ത്, സി.ഡി.എസ്, മറ്റ് ഗവൺമെന്റ് ഇതര ഏജൻസികളുമായുള്ള ഏകോപനം ശക്തിപ്പെടുത്തുകയും, ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക

- ഊരുതല സംവിധാനം – ഊരുമൂപ്പൻ, മണ്ണൂർക്കാരൻ, മുതലായവരുമായി നല്ല ബന്ധം സ്ഥാപിക്കുകയും, ആവശ്യമായ ഏകോപന സംവിധാനം ഒരുക്കുകയും ചെയ്യുക

- ബാലസഭാ സംവിധാനം അടിയന്തിരമായി രൂപീകരിച്ച് പ്രവർത്തിക്കുക

- സംഘടനാ്സംവിധാന ഭാരവാഹികൾക്ക് ആവശ്യമായ നേതൃത്വ പരിശീലനം ലഭ്യമാക്കുക

- സംഘടനാസംവിധാനത്തെ ശക്തിപ്പെടുത്തിക്കൊ് സേവന പരിപാടികൾ നടപ്പിലാക്കുക

- ആനിമേറ്റർമാർക്ക് സമയബന്ധിതമായ പരിശീലനം നൽകുക

- കമ്മ്യൂണിറ്റി കിച്ചൺ പോലെയുള്ള പരിപാടികൾ ഏറ്റെടുത്ത് ചെയ്യുന്നതിന് അയൽക്കൂട്ടം, ഊരുസമിതികളെ സ്വയം പര്യാപ്തമാക്കുന്ന രീതിയിലേയ്ക്ക് സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുക
- അടിസ്ഥാന തൊഴിലായ കൃഷി പോഷിപ്പിക്കുന്നതിന് സംഘടനാ സംവിധാനം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുക
- സംഘടനാ സംവിധാനത്തിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംഘടനാസംവിധാനത്തെ ശക്തിപ്പെടുത്തുക
- കുറിമ്പസമുദായത്തിൽ സംഘടനാസംവിധാനത്തിൽ കൂടുതൽ ശ്രദ്ധ വേണം
- അയൽക്കൂട്ടം മുതൽ ബ്ലോക്ക് സമിതി വരെയും, ബ്ലോക്ക് സമിതി മുതൽ അയൽക്കൂട്ടം വരെയുള്ള പ്രവർത്തനങ്ങളും മറ്റും പരസ്പരം അറിയുന്നതിനുള്ള സംവിധാനം
- ആവശ്യ സമയങ്ങളിൽ പ്രൊജക്ടിന്റെ ഉദ്യോഗസ്ഥർ ഇടപെടൽ നടത്തി ചെറിയ പ്രശ്നങ്ങൾ പരിഹരിക്കണം.

**IV. മഹിള കിസാൻ സശാക്തീകരണ പരിയോജന**

**നിർദ്ദേശങ്ങൾ**

- കാർഷിക മേഖലയിൽ കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കാൻ ജെ..എൽ.ജികൾ രൂപീകരിക്കുക.
- കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ മിഷൻ നൽകി വരുന്ന ഇൻസെന്റീവുകൾ കർഷകർക്ക് ലഭ്യമാക്കുക.

- വന്യമൃഗശല്യം തടയുന്നതിനായി അടിയന്തിര നടപടികൾ എടുക്കണം. ( ഉദ:സോളാർ/ഇലക്ട്രിക്ക് വേലികൽ)
- പഞ്ചായത്ത്, സി.ഡി.എസ്സ്, കൃഷി ഭവൻ, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുമായി ക്രായാത്മക ബന്ധം സൂക്ഷിക്കുകയും, കാർഷിക മേഖലയ്ക്ക് കൂടുതൽ സഹായവും ലഭ്യമാക്കുക.
- അട്ടപ്പാടിയിലെ കാർഷിക മേഖലയിലെ സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.
- വിള ഇൻഷുറൻസ് ലഭ്യമാക്കുക.
- മികച്ച കൃഷി രീതികളുടെ ഡോക്യുമെന്റേഷൻ നടത്തുക.
- സീഡ് ബാങ്ക് , ബയോ ഫാർമസി കാര്യക്ഷമമായി നടപ്പിലാക്കുക.കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്ക് ആവശ്യമായ ജലസംരക്ഷണം, വിളപരിപാലനം, പരമ്പരാഗത വിത്തിനങ്ങളുടെ ഡാറ്റാ ബാങ്ക് , മൃഗസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.
- സി.ആർ.പി.എസ്, പാരാപ്രൊഫഷണൽസ് എന്നിവരുടെ സേവനം ക്രിയാത്മകമായി ഉപയോഗിക്കുക.
- കാർഷികമേഖലയിൽ വിദ്ധഗ്ദരായ ആളുകളുടെ സേവനം ഗുണപരമായി ഉപയോഗിച്ചിട്ടില്ല.
- ഊരുസമിതികൾ സൂക്ഷിക്കുന്ന രേഖകളിൽഓഡിറ്റ് ചെയ്യുന്നില്ല.
- പശു, ആട് വാങ്ങിയതിന് കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

- കാർഷിക മേഖലയിൽ എം.കെ.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന ഒട്ടേറേ മാതൃക പദ്ധതികൾ നടപ്പിലാക്കുക.

- നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, ചക്ക, മറ്റു കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക.

- കാർഷിക മേഖലയിൽ നിന്നും സമ്മിശ്ര കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.

- യുവതലമുറയെ കാർഷിക മേഖലയിലേക്ക് കൊണ്ടു വരുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

PSE/23/08/2016

23/8/2016

Dr. S. SALIM
Chief Operating Officer (S), NRLM
State Poverty Eradication Mission
Govt. of Kerala, Thiruvananthapuram-11